DESPATCHED
On..25/5/2020
26/02/2020



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.2735(4)/2017/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.15463/എസ്.ഐ.സി-ജി 2/2017)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. എം.പി. ആദംകുട്ടി,
ചെങ്ങളായി പി.ഒ,
കണ്ണൂർ- 670 631.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ജില്ലാ സർവെ സൂപ്രണ്ട്,
   കളക്ടറേറ്റ്, കണ്ണൂർ.
2. അപ്പീൽ അധികാരി &
   സർവ്വെ ഡെപ്യൂട്ടി ഡയറക്ടർ,
   സർവ്വെ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
   കളക്ടറേറ്റ്, കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 18.05.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 25.05.2017 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 29.06.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 15.09.2017 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 11.12.2017 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 14.12.2017 |

<u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിയുടെ ഓഫീസിലെ കെ2-137/2015 നമ്പർ ഫയലുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയുന്നതിന് 18.05.2017 ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണ് പരാതി. ചെങ്ങളായി വില്ലേജിലെ റീസർവെ (പഴയത്) 75/1 ലെയും, (പുതിയത്) 75/6, 75/7 എന്നിവയിലെയും, പഴയ 75/2 ൽപ്പെടുന്ന സ്ഥലത്തു നിന്ന് പുതിയ പദ്ധതിക്കുവേണ്ടിയുള്ള പൈപ്പ് ലൈൻ സംബന്ധിച്ച വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 29.06.2019 ൽ കണ്ണൂർ കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരനും, ഒന്നാം എതിർകക്ഷിയും ഹാജരായി. അപേക്ഷ വ്യക്തതയില്ലാത്തതിനാൽ, ഓഫീസിൽ നേരിട്ട് ഹാജരായി രേഖകൾ പരിശോധിച്ച് ആവശ്യമായ പകർപ്പുകൾക്ക് നിയമാനുസൃത ഫീസ് നൽകി വാങ്ങാവുന്നതാണെന്നാണ് മറുപടി നൽകിയതെന്ന് അപ്പീൽ ഹർജിക്കാരൻ പറഞ്ഞു.

3. എന്നാൽ അപേക്ഷകൻ ഹാജരാകാതിരിക്കുകയും, അപേക്ഷയുടെ പകർപ്പ് വീണ്ടും ഓഫീസിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തതിനെ തുടർന്ന്, അവ്യക്തമായ അപേക്ഷയിൽ നിന്ന് ഉൾക്കൊണ്ട കാര്യങ്ങൾ അടിസ്ഥാനമാക്കി 07.07.2017 ൽ മറുപടി നൽകിയതാണെന്ന് ഒന്നാം എതിർകക്ഷി രേഖാമൂലം നൽകിയ മൊഴിയിൽ പറഞ്ഞു.

4. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. ഇതിൽ നിന്ന് കമ്മീഷനു ബോധ്യമായ കാര്യങ്ങൾ താഴെ പറയുന്നു.

1. ഒന്നാം എതിർകക്ഷി നൽകിയ മറുപടി നിയമം അനുശാസിക്കുന്ന വിധത്തിലല്ല. അപേക്ഷ അവ്യക്തമാണെന്ന ഒന്നാം എതിർകക്ഷിയുടെ നിഗമനം കൃത്യമായ വിവരങ്ങൾ നൽകുന്നതിൽ നിന്ന് ഒഴിവാകാൻ വേണ്ടിയുള്ള ശ്രമമായേ കാണാൻ കഴിയൂ.

2. അതുപോലെ ഓഫീസിലെത്തി രേഖകൾ പരിശോധിക്കാമെന്ന് അപേക്ഷകനെ അറിയിക്കുന്നത്, അത്രയേറെ രേഖകൾ പരിശോധിക്കേണ്ടിവരികയും, അത്തരത്തിലുള്ള പരിശോധന ഓഫീസിന്റെ സാധാരണ പ്രവർത്തനങ്ങളെ ബാധിക്കുകയും ചെയ്യും എന്ന സ്ഥിതി വരുമ്പോൾ മാത്രമാണ്. ഇവിടെ അത്തരമൊരു സ്ഥിതിയുള്ളതായി കമ്മീഷൻ കരുതുന്നില്ല.

3. ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ടിയാന്റെ പേരോ, ഓഫീസ് സീലോ പതിച്ചിട്ടില്ല.

4. മറുപടിയിൽ ഒന്നാം അപ്പീലധികാരിയുടെ വിലാസമോ, അപ്പീൽ നൽകുന്നതിനുള്ള സമയപരിധിയോ രേഖപ്പെടുത്തിയിട്ടില്ല.

5. ഒന്നാം അപ്പീലധികാരിയുടെ ഉത്തരവിൽ 'FMB ലഭ്യമല്ല' എന്നു വെറുതെ പറഞ്ഞിരിക്കുന്നതല്ലാതെ, അത് ലഭ്യമല്ല എന്ന കാര്യം അപ്പീൽ ഹർജിക്കാരന് ബോധ്യമാകുന്ന തരത്തിലല്ല. കമ്മീഷനും ഇക്കാര്യം ബോധ്യപ്പെടുന്നില്ല.

RIGHT TO INFORMATION

5. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ കമ്മീഷൻ ഇനി പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ഈ ഉത്തരവ് ലഭിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ അപ്പീൽ ഹർജിക്കാരന് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും പൂർണമായും സൗജന്യമായി നൽകണം. അതുപോലെ നിയമപരമല്ലാത്ത രീതിയിൽ, തികച്ചും ലാഘവത്വത്തോടെ മറുപടി നൽകിയതിന് ഒന്നാം എതിർകക്ഷിക്കെതിരെ നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ആയതും മേല്പറഞ്ഞ കാലയളവിനുള്ളിൽ കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

7. ഇപ്രകാരം ഇന്നേദിവസം 26.02.2020 ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

കെ.വി. സുധാകരൻ,
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

re